പുതുവത്സരാഘോഷം നടത്തി

കോതമംഗലം : പല്ലാരിമംഗലം ഗ്രാമപഞ്ചായത്ത് ഓഫീസിൽ ജനപ്രതിനിധികളും, ജീവനക്കാരും ചേർന്ന് സംഘടിപ്പിച്ച പുതുവത്സരാഘോഷം പഞ്ചായത്ത് പ്രസിഡന്റ് ഖദീജ മുഹമ്മദ് ഉദ്ഘാടനം ചെയ്തു. വൈസ് പ്രസിഡന്റ് ഒ ഇ അബ്ബാസ് അദ്ധ്യക്ഷത വഹിച്ചു. പഞ്ചായത്ത് സെക്രട്ടറി എം ഡി ജോയി പുതുവത്സര സന്ദേശംനൽകി. സ്ഥിരം സമിതി അദ്ധ്യക്ഷരായ സഫിയ സലിം, കെ എം അബ്ദുൾകരീം, സീനത്ത് മൈതീൻ, വാർഡ് മെമ്പർമാരായ അബൂബക്കർ മാങ്കുളം, കെ എം മൈതീൻ, ആഷിത അൻസാരി, റിയാസ് തുരുത്തേൽ, ഷാജിമോൾ റഫീഖ്, നസിയ ഷെമീർ, ഷിബി ബോബൻ, എ എ രമണൻ, അസിസ്റ്റന്റ് സെക്രട്ടറി എം എം നിസീമ, ഹെഡ് ക്ലാർക്ക് രഘുനാഥ് എന്നിവർ പ്രസംഗിച്ചു.

പുഴകളും തോടുകളും വറ്റി വരണ്ടു

കിഴക്കൻ മേഖലയിൽ കുടിവെള്ള പദ്ധതികൾ അവതാളത്തിൽ

മൂവാറ്റുപുഴ: വേനൽ കനത്തതോടെ പുഴകളും തോടുകളും ചിറകളും വറ്റി വരണ്ടു. ഇതോടെ ജില്ലയുടെ കിഴക്കൻ മേഖലയിൽ പ്രധാന കുടിവെള്ള പദ്ധതികളുടെ പ്രവർത്തനം അവതാളത്തിലായി. കിഴക്കൻ മേഖലയിലെ പ്രധാന കുടിവെള്ള പദ്ധതികളിൽ ഏറെയും പുഴകളെയും തോടുകളെയും ചിറകളെയും ആശ്രയിച്ചാണ് പ്രവർത്തിക്കുന്നത്. വേനൽ കനത്തതോടെ പുഴയിലും തോടുകളിലും ചിറകളിലുമെല്ലാം ജലനിരപ്പ് താഴ്ന്നിരിക്കുകയാണ്. പെരിയാർ, കാളിയാർ, കോതയാർ, തൊടുപുഴയാർ അടക്കമുള്ള പുഴകളെ ആശ്രയിച്ചാണ് കുടിവെള്ള പദ്ധതികൾ പ്രവർത്തിക്കുന്നത്. മൂവാറ്റുപുഴയാറിന്റെ അവസ്ഥയും ദയനീയമാണ്. ജലനിരപ്പ് താഴ്ന്നതോടെ പുഴകളിലെല്ലാം വർഷങ്ങളായി മണൽ വാരാത്തതിനാൽ മണൽ തിട്ടകൾ രൂപപ്പെട്ടിരിക്കുകയാണ്. മലങ്കര ഡാം, മൂലമറ്റം പവർഹൗസ് എന്നിവിടങ്ങളിൽ നിന്നും തുറന്ന് വിടുന്ന ജലമാണ് പുഴകളെ ജലസമൃദ്ധമാക്കുന്നത്. ഇതോടൊപ്പം തന്നെ പെരിയാർവാലി, മൂവാറ്റുപുഴ വാലി കനാലുകളിൽ വെള്ളം തുറന്ന് വിടുന്നതോടെ കിഴക്കൻ മേഖലയിലെ ചെറുതും വലുതുമായ തോടുകളും ജലസമൃദ്ധമാകും.

തൊടുപുഴ ആറിന്റെ കാവന ഭാഗത്തെ പമ്പ് ഹൗസിന്റെ കിണർ

എന്നാൽ കനാലുകളിൽ വെള്ളം തുറന്ന് വിടാത്തത് മൂലം പല പഞ്ചായത്തുകളിലേയും ചെറുകിട കുടിവെള്ള പദ്ധതികളുടെ പ്രവർത്തനം ഭാഗികമായി മുടങ്ങിയിരിക്കുകയാണ്.ഇതോടെ ഉയർന്ന പ്രദേശങ്ങളിൽ കുടിവെള്ളത്തിനായി ജനങ്ങൾ നെട്ടോട്ടത്തിലാണ്. മൂവാറ്റുപുഴയാറിലും പെരിയാറിലും ജലനിരപ്പ് താഴ്ന്നതോടെ പുഴയോരത്തെ കുടിവെള്ള പദ്ധതികളുടെ കിണറുകളിലേക്ക് വെള്ളമെത്തിക്കാൻ പുഴയിൽ ചാലുകൾ ഒരുക്കേണ്ട അവസ്ഥയാണ്. വേനൽ കൂടുതൽ കടക്കുന്നതോടെ കിഴക്കൻ മേഖലയിൽ കുടിവെള്ള ക്ഷാമം രൂക്ഷമാക്കും.

കൊച്ചിൻ കാർണിവൽ:

ജയിൽ മ്യൂസിയം ആസ്റ്റർ മെഡ്സിറ്റിയുടെ താത്കാലിക ആശുപത്രിയാക്കി

കൊച്ചി: കൊച്ചിൻ കാർണിവലിൽ പുതുവർഷത്തെ വരവേൽക്കാൻ എത്തിയവരുടെ സുരക്ഷയ്ക്കായി ഫോർട്ട് കൊച്ചിയിലെ ചരിത്രപ്രസിദ്ധമായ ജയിൽ മ്യൂസിയത്തെ താത്കാലിക ആശുപത്രിയാക്കി മാറ്റി ആസ്റ്റർ മെഡ്സിറ്റി. ആഘോഷങ്ങൾക്കിടെ ഉണ്ടായേക്കാവുന്ന ആരോഗ്യപ്രശ്നങ്ങൾക്ക് ഉടൻ പ്രാഥമിക പരിചരണവും ചികിത്സയും ലഭ്യമാക്കുന്നതിനുള്ള എല്ലാ സജ്ജീകരണങ്ങളും ആസ്റ്റർ മെഡ്സിറ്റി ഒരുക്കിയിരുന്നു. എട്ട് മുറികളുള്ള ജയിലിലെ 2 മുറികളിൽ അടിയന്തര സ്വഭാവമുള്ള രോഗികളെ പരിചരിക്കും. ബാക്കിയുള്ള സ്ഥലത്ത് അടിയന്തര ചികിൽസാസംവിധാനങ്ങൾ പ്രവർത്തിച്ചു. ഇന്നലെ വൈകിട്ട് 6 മണി മുതൽ ഇന്ന് പുലർച്ചെ 3 മണി വരെ ഈ കേന്ദ്രം പ്രവർത്തിച്ചു. . മുൻ വർഷങ്ങളിലും സമീപകാലത്തും അനിയന്ത്രിതമായ തിരക്ക് കാരണമുണ്ടായ അനിഷ്ട സംഭവങ്ങളുടെ പശ്ചാത്തലത്തിലാണ് ഇത്തവണ കൂടുതൽ മുൻകരുതലുകൾ ഏർപ്പെടുത്തിയിരുന്നത്.

കൊച്ചിൻ കാർണിവലിന്റെ ഔദ്യോഗിക മെഡിക്കൽ പാർട്ണറാണ് ആസ്റ്റർ മെഡ്സിറ്റി. സംസ്ഥാനസർക്കാരിന്റെ ദുരന്തനിവാരണ പദ്ധതിയുമായി സഹകരിച്ചാണ് പ്രവർത്തനം. ജില്ലാ ഭരണകൂടം, ദുരന്തനിവാരണ സംഘം, ആംബുലൻസ് ഡ്രൈവർമാർ എന്നിവർ ഒരുമിച്ചാണ് ദൗത്യം പ്രാവർത്തികമാക്കിയത്.

നടതുറപ്പ് മഹോത്സവം ആഘോഷിക്കുന്ന തിരുവൈരാണിക്കുളം മഹാദേവ ക്ഷേത്രത്തിൽ ഇന്നലെ ഭക്തർ ദർശനത്തിനെത്തിയ ഭക്തരുടെ തിരക്ക്

നവകേരള സദസ്: കുന്നത്തുനാട്ടിൽ ഒരുക്കങ്ങൾ പൂർത്തിയായി

കോലഞ്ചേരി: കുന്നത്തുനാട്ടിലെ നവകേരള സദസിനുള്ള ഒരുക്കങ്ങൾ പൂർത്തിയായതായി സംഘാടകസമിതി ചെയർമാൻ അഡ്വ.പി വി ശ്രീനിജിൻ എംഎൽഎ ജനറൽ കൺവീനറും കുടുംബശ്രീ ജില്ലാ കോ ഓർഡിനേറ്ററുമായ ടി എം റജീന എന്നിവർ വാർത്താ സമ്മേളനത്തിൽ അറിയിച്ചു.

കോലഞ്ചേരി സെന്റ് പീറ്റേഴ്സ് കോളജ് ഗ്രൗണ്ടിൽ നാളെ വൈകിട്ട് 5നാണ് നവകേരള സദസ് നടക്കുന്നത്. പൊതുജനങ്ങൾക്ക് വികസന കാഴ്ചപ്പാടുകളും, നിർദ്ദേശങ്ങളും പങ്കുവക്കാനും പരാതികൾ നൽകാനുമായി 21 കൗണ്ടറുകൾ സജ്ജീകരിച്ചുണ്ട്. രണ്ട് മുതൽ കൗണ്ടറുകൾ പ്രവർത്തിക്കും. ഭിന്നശേഷിക്കാർ, മുതിർന്ന പൗരന്മാർ, വനിതകൾ എന്നിവർക്കായി പ്രത്യേകം കൗണ്ടറുകളുണ്ട്. പതിനായിരം പേർക്കുള്ള ഇരിപ്പിടങ്ങളാണ് സദസിനായി സജ്ജീകരിച്ചിരിക്കുന്നത്. 28000 ചതുരശ്രയടി വിസ്തീർണമുള്ള പന്തലിന്റെ നിർമ്മാണം പൂർത്തിയായി കഴിഞ്ഞു.

സദസിന് മുന്നോടിയായി വൈകിട്ട് മൂന്നുമുതൽ അലോഷിയുടെ ഗസൽ അരങ്ങേറും. മിനി മാരത്തൺ, കുടുംബശ്രീ ഭക്ഷ്യമേള, ഫ്ളാഷ്മോബ്, വികസന സെമിനാർ, ക്വിസ് മത്സരം, വിളംബരറാലികൾ, ജനകീയ പഞ്ചഗുസ്തി മൽസരം എന്നിവ പ്രചരണാർത്ഥം സംഘടിപ്പിച്ചിരുന്നു. എല്ലാ ബൂത്തുകളിൽനിന്നും വാഹനസൗകര്യവും ഏർപ്പാടാക്കിയിട്ടുണ്ട്. തിരുവാണിയൂർ, വടവുകോട് പുത്തൻകുരിശ് പഞ്ചായത്തുകളിൽനിന്നും എത്തുന്നവരെ ബ്ലോക്ക് കവലയിലും മഴുവന്നൂർ പടിഞ്ഞാറെ പമ്പിന് സമീപവും പൂത്യക്ക കക്കാട്ടുപാറ റോഡിലും വാഴക്കുളം, കിഴക്കമ്പലം, കുന്നത്തുനാട്, ഐക്കരനാട് പഞ്ചായത്തുകളിൽ നിന്നുള്ളവരെ സ്വകാര്യ ബസ് സ്റ്റാൻഡിന് സമീപവും ഇറക്കിയ ശേഷം വാഹനങ്ങൾ തോന്നിക്ക ഹിൽടോപ്പിൽ പാർക്ക് ചെയ്യണം.

കോലഞ്ചേരി മെഡിക്കൽ കോളേജ് മൈതാനി, പെരുമ്പാവൂർ റോഡിന് സമീപമുള്ള രണ്ട് മൈതാനങ്ങളും പാർക്കിംഗിനായി ക്രമീകരിച്ചിട്ടുണ്ട്. സംഘാടകസമിതി ഭാരവാഹികളായ ജോർജ് ഇടപ്പരത്തി, സിബി ദേവദർശനൻ, സി കെ വർഗീസ്, എം പി ജോസഫ്, റെജി ഇല്ലിക്കപറമ്പിൽ എന്നിവർ പങ്കെടുത്തു.

ഹെൽത്ത് ഇൻസ്പെക്ടർമാരുടെ സ്ഥാനക്കയറ്റം

ചുവപ്പ് നാടയിൽ കുരുങ്ങി ഇഴയുന്നു

മൂവാറ്റുപുഴ : സർക്കാർ അനുമതി നൽകിയിട്ടും പൊതുജനാരോഗ്യ സംരക്ഷണ രംഗത്തെ ഹെൽത്ത് ഇൻസ്പെക്ടർമാരുടെ സ്ഥാനക്കയറ്റം ചുവപ്പ് നാടയിൽ കുരുങ്ങി ഇഴയുന്നു. ഹെൽത്ത് ഇൻസ്പെക്ടർ, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ, ഹെൽത്ത് സൂപ്പർവൈസർ, ടെക്നിക്കൽ അസിസ്റ്റന്റ് ഗ്രേഡ് 1 തസ്തികളിൽ സേവനം അനുഷ്ഠിച്ച് വരുന്ന ഉദ്യോഗസ്ഥരുടെ സ്ഥാനക്കയറ്റമാണ് നടപടി വേഗത്തിലാക്കാതെ ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിൽ ഇഴയുന്നത്. നേരത്തേ ഇത് സംബന്ധിച്ച് കോടതി നിർദേശം നൽകിയെങ്കിലും സർക്കാർ ഉത്തരവ് ഇറങ്ങാൻ കാലതാമസം നേരിട്ടിരുന്നു. സർക്കാർ ഉത്തരവ് ഇറക്കിയപ്പോഴാകട്ടെ ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റ് മുഖം തിരിക്കുന്നു. 2023 നവംബർ 7 ന് ഉത്തരവ് ഇറങ്ങിയെങ്കിലും ഇതുവരെ പ്രൊബേഷൻ നടപടികൾ പോലും പൂർത്തിയാക്കിയിട്ടില്ല. ഇത് പൂർത്തിയാക്കിയാലെ ഹെൽത്ത്സൂപ്പർവൈസർ പ്രൊമോഷൻ നടത്താൻ സാധിക്കൂ. 7 മാസമായി 130 ഓളം ഹെൽത്ത് ഇൻസ്പെക്ടർ തസ്തിക ഒഴിഞ്ഞു കിടക്കുന്നു. സ്ഥാനക്കയറ്റം വൈകിപ്പിക്കുന്നതിന് പിന്നിൽ ഡി. എച്ച്.എസ്. ലെ ഉദ്യോഗസ്ഥരാണെന്ന പരാതി വ്യാപകമാണ്. പഞ്ചായത്തിലെ പൊതുജനാരോഗ്യ പ്രവർത്തനങ്ങൾ ഏകോപിക്കേണ്ട ചുമതല ഇവർക്കാണ്.

പലയിടത്തും 2 പഞ്ചായത്തുകളിലും കൂടി ഒരു തസ്തിക ആണുള്ളത്. ഇതുകൂടി കണക്കാക്കിയാൽ 200 പഞ്ചായത്തുകളിൽ ഹെൽത്ത് ഇൻസ്പെക്ടർ ഇല്ലാത്ത സാഹചര്യം ഉണ്ട്. നാല്പതോളം ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയും 7 മാസമായി ഒഴിഞ്ഞു കിടക്കുന്നു. 90 ഹെൽത്ത് സൂപ്പർവൈസർ തസ്തികയിൽ മാത്രമാണ് പ്രൊബേഷൻ നടപടികൾ പൂർത്തിയാവാനുള്ളത്. പക്ഷെ ഹെൽത്ത് സൂപ്പർവൈസർ തസ്തികയിൽ പ്രൊമോഷൻ നടത്തിയതിനു ശേഷമേ താഴെയുള്ള ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയിൽ പ്രൊമോഷൻ നടത്തൂ എന്നാണ് ആരോഗ്യ ഡയറക്ടറേറ്റ് വ്യക്തമാക്കുന്നത്. ഹെൽത്ത് ഇൻസ്പെക്ടർ തസ്തിക ആരോഗ്യവകുപ്പിൽ പൊതുജനാരോഗ്യ സംരക്ഷണവുമായി ബന്ധപ്പെട്ട് വരുന്ന മറ്റൊരു സുപ്രധാന തസ്തികയാണ്.

കൊവിഡ് അടക്കമുള്ള രോഗങ്ങൾ പടർന്ന് പിടിക്കുമ്പോഴും ജനങ്ങളുടെ ജീവനും ആരോഗ്യത്തിനും മുൻതൂക്കം നൽകി പ്രവർത്തിക്കേണ്ട ഹെൽത്ത് സൂപ്പർവൈസർ, ഹെൽത്ത് ഇൻസ്പെക്ടർ എന്നീ തസ്തികകളിലേക്ക് ഇനിയും സമയബന്ധിതമായി പ്രൊമോഷനുകൾ നടത്താത്ത അവസ്ഥ തുടർന്നാൽ ആരോഗ്യ മേഖലയെ പ്രതികൂലമായി ബാധിക്കും. മാത്രമല്ല ഇവരുടെ സ്ഥാനക്കയറ്റം നടന്നാൽ മാത്രമേ റാങ്ക് ലിസ്റ്റിൽ ഉള്ള ഉദ്യോഗാർഥികൾക്ക് നിയമനം ലഭിക്കൂ.

ലയ ലാസ്യ ഭംഗിയിൽ നിറഞ്ഞാടി നവ്യ നായർ

കോതമംഗലം : അറിവിന്റെ അക്ഷര ലോകത്ത് എഴുപത് വർഷങ്ങൾ പിന്നിടുന്ന എം. എ. കോളെജ് അസോസിയേഷന്റെ സപ്തതി ആഘോഷങ്ങളുടെ ഭാഗമായി സംഘടിപ്പിച്ച കലാസന്ധ്യയിൽ പ്രശസ്ത ചലച്ചിത്ര താരവും നർത്തകിയുമായ നവ്യ നായരും സംഘവും അവതരിപ്പിച്ച നൃത്ത വിരുന്ന് കാണികൾക്ക് നവ്യാനുഭവമായി. മഞ്ഞുപെയ്യുന്ന രാത്രിയിലെ തണുത്ത കാറ്റിനൊപ്പം ചിലങ്കയുടെ മണി നാദവും കൂടിച്ചേർന്നപ്പോൾ മനോഹരമായ സായം സന്ധ്യയാണ് കോതമംഗലത്തെ കലാസ്വാദകർക്ക് സമ്മാനിച്ചത്. ക്ലാസ്സിക്കൽ നൃത്തത്തിലൂടെ കഥകൾ പറഞ്ഞ് ശോകവും, സന്തോഷവും,ഇണക്കവും, പിണക്കവും,

ശൃംഗാരവുമുൾപ്പടെയുള്ള ഭാവ ലയ ലാസ്യ പ്രകടനങ്ങൾ കാഴ്ചക്കാർക്കും നവ്യാനുഭവം സമ്മാനിച്ചു.

എം. എ. കോളെജ് അസോസിയേഷന്റെ സപ്തതി ആഘോഷങ്ങളുടെ ഭാഗമായി ഒരുക്കിയ കലാസന്ധ്യയിൽ പ്രശസ്ത ചലച്ചിത്ര താരവും, നർത്തകിയുമായ നവ്യ നായരും സംഘവും അവതരിപ്പിച്ച നൃത്ത വിരുന്ന്)

നവ്യയുടെ ഗുരുനാഥയായ പ്രിയദർശിനി ഗോവിന്ദ് ഗൗള രാഗത്തിൽ, ചതുരശ്ര ഏകതാളത്തിൽ ചിട്ടപ്പെടുത്തിയ മുരുക കൗത്തത്തോടെയാണ് നൃത്തവിസ്മയത്തിന് തുടക്കമായത്. പിന്നീട് കാഞ്ചി കാമാക്ഷി ദേവി സ്തുതിയും,കൃഷ്ണ ലീലകളെ വർണ്ണിക്കുന്ന ശ്രീകൃഷ്ണ സ്തുതിയും അരങ്ങേറി.മാടുമേയ്ക്കും കണ്ണേ നീ പോകവേണ്ടാം സൊന്നെ.... എന്ന് പ്രശസ്ത വായ്പാട്ട് കലാകാരി സംഗീത റാവു തന്റെ സ്വരമാധുരിയിൽ ആലപിച്ചപ്പോൾ അതിനൊപ്പം നട്ടുവാംഗം വായിച്ച് കലാമണ്ഡലം കാർത്തിക ഹരികൃഷ്ണനും, മൃദംഗത്തിൽ താളമിട്ട് കെ. ബി പ്രബൽ ജിത്തും, വീണയിൽ രാഗം മീട്ടി ആർ എൽ വി ധർമ്മതീർത്ഥനും നൃത്ത സായാഹ്നത്തിന് കൊഴുപ്പേകി.തുടർന്ന് സർപ്പ ശക്തിയും, കാന്താരാ ചിത്രത്തിലെ നൃത്താവിഷ്കാരവും അരങ്ങ് തകർത്തു. നവ്യ അഭിനയിച്ച ഹിറ്റ് സിനിമകളിലെ നിരവധി ഗാനങ്ങൾ കോർത്തിണക്കിയ നൃത്താവിഷ്കാരത്തോടെയാണ് നൃത്ത സന്ധ്യ അവസാനിച്ചത്.

കാലിത്തീറ്റ വിതരണം ചെയ്തു

തലയോലപ്പറമ്പ്: വൈക്കം ബ്ലോക്ക് പഞ്ചായത്ത് ക്ഷീരകർഷകർക്ക് നൽകുന്ന കാലിത്തീറ്റയുടെ വിതരണ ഉദ്ഘാടനം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് അഡ്വ. കെ.കെ രഞ്ജിത്ത് നിർവഹിച്ചു. പാലിന് സബ്സിഡി ഇനത്തിൽ ക്ഷീരസംഘത്തിൽ പാൽ അളന്ന കർഷകന് ലിറ്ററിന് മൂന്നു രൂപ നിരക്കിൽ 789 ക്ഷീരകർഷകർക്ക് ആദ്യ ഗഡുവായി 12 ലക്ഷം രൂപ വിതരണം ചെയ്തു.

മറവൻതുരുത്ത് ഗ്രാമപഞ്ചായത്ത്പ്രസിഡന്റ് കെ.ബിരമ അധ്യക്ഷത വഹിച്ചു. ബ്ലോക്ക് ക്ഷീരവികസന ഓഫീസർ പി.പി സുനിത പദ്ധതി വിശദീകരണം നടത്തി. ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് പി.ആർ സലില, ബ്ലോക്ക്പഞ്ചായത്ത് അംഗങ്ങളായ എം. കെ റാണിമോൾ, വീണ അജി, എം.കെ ശിമോൻ, രേഷ്മ പ്രവീൺ, വാർഡ് മെമ്പർ സീമ ബിനു, ക്ഷീരസംഘം പ്രസിഡന്റ് അനീഷ്, ഡയറി ഫാം ഇൻസ്ട്രക്ടർ സി പ്രതീഷ്കുമാർ, സെക്രട്ടറി അഖില എന്നിവർ പങ്കെടുത്തു.

എൻഎസ്എസ് തിരുവാതിര പരിശീലന കേന്ദ്രം തുടങ്ങി

വൈക്കം: വൈക്കം താലൂക്ക് എൻഎസ്എസ് വനിതാ യൂണിയന്റെ നേതൃത്വത്തിൽ തുടങ്ങിയ തിരുവാതിര പരിശീലന പഠനകേന്ദ്രം താലൂക്ക് എൻഎസ്എസ് യൂണിയൻ പ്രസിഡന്റ് പി.ജി.എം നായർ കാരിക്കോട് ഉദ്ഘാടനം ചെയ്തു. താലൂക്കിലെ 97 കരയോഗങ്ങളിലെ വനിതാ സമാജങ്ങളുടെ പങ്കാളിത്തത്തോടെയാണ് വൈക്കം കേന്ദ്രമാക്കി പരിശീലനകേന്ദ്രം നടത്തുന്നത്. വടക്കേനട എൻ.എസ്.എസ് ഓഡിറ്റോറിയത്തിൽ തിരുവാതിര ഉത്സവവും നടത്തി. വനിതാ യൂണിയൻ പ്രസിഡന്റ് കെ.ജയലക്ഷ്മി അധ്യക്ഷത വഹിച്ചു. യൂണിയൻ വൈസ് പ്രസിഡന്റ് പി.വേണുഗോപാൽ, സെക്രട്ടറി കെ.രാജഗോപാൽ, സി.പി നാരായണൻ നായർ, പി.എൻ രാധാകൃഷ്ണൻ, വനിതാ യൂണിയൻ സെക്രട്ടറി മീരാ മോഹൻദാസ്, മഞ്ജു അജിത്ത്, രമ്യ ശിവദാസ്, കെ.എസ് ചന്ദ്രിക, ജയ രാജശേഖരൻ, ഗിരിജാ ദേവി, സി.എൻ ഓമന, ഉമാദേവി, ഇന്ദിരാ മുരളീധരൻ എന്നിവർ പ്രസംഗിച്ചു.

വാർഷിക പൊതുയോഗം

ഹരിപ്പാട് :1740-ാം നമ്പർ ചേപ്പാട് കന്നിമേൽ സർവീസ് സഹകരണ സംഘത്തിന്റെ വാർഷിക പൊതുയോഗം ചേർന്നു. പ്രസിഡന്റ് വേണുപ്രസാദ് അധ്യക്ഷത വഹിച്ചു.

ഹോണററി സെക്രട്ടറി ഡോ.പി.എസ്.ശ്രീശാന്ത് വാർഷിക റിപ്പോർട്ട്, കണക്കുകൾ, ബഡ്ജറ്റ് എന്നിവ അവതരിപ്പിച്ചു. ബോർഡ് ഡയറക്ടർമാരായ രവിപുരത്ത് രവീന്ദ്രൻ ,എസ്. സുരേഷ് കുമാർ,കൃഷ്ണകുമാരി , സുനിത,ശ്രീദേവിയമ്മ, പ്രൊഫ.മധുസൂദനൻ, ആർ. രാജഗോപാൽ എന്നിവർ പങ്കെടുത്തു.

വീടിന്റെ മേൽക്കൂര തകർന്നു

ആലുവ: ചൂർണിക്കര എസ്. എൻ പുരം ചേലാക്കുന്ന് കോളനിയിൽ ചേലാക്കുന്ന് വീട്ടിൽ ഓമന സുരേഷിന്റെ വീടിന്റെ മേൽകൂര നിലംപതിച്ചു. ഉറക്കത്തിലായിരുന്ന ഓമനയും ബന്ധുവിന്റെ മകൾ അതുല്യയും പരിക്കേൽക്കാതെ അത്ഭുതകരമായി രക്ഷപ്പെട്ടു. കഴിഞ്ഞ ദിവസം രാത്രി 12.30ഓടെയാണ് സംഭവം. ചെറിയവീടിന്റെ ഒരു മുറി മാത്രം കോൺക്രീറ്റ് ചെയ്തതാണ്. ഇവിടെയാണ് വിധവയായ ഓമനയും ബന്ധുവായ ഹരിദാസിന്റെ മകൾ അതുല്യയും ഉറങ്ങിയിരുന്നത്. ഓമനക്ക് മക്കൾ ഇല്ലാത്തതിനാൽ ദിവസവും രാത്രി കൂട്ടായി ഇറങ്ങാനെത്തുന്നത് അതുല്യയാണ്. ഓടുമേഞ്ഞ ഭാഗം ഭൂരിഭാഗവും തകർന്നു. പട്ടികയും കഴക്കോലുമെല്ലാം ചിതലെടുക്കാത്തതായതിനാൽ മേൽക്കൂര നിലംപതിച്ചതിന്റെ കാരണം വ്യക്തമല്ല.

പഞ്ചായത്തംഗം രമണൻ ചേലാക്കുന്ന് അറിയിച്ചതിനെ തുടർന്ന് വില്ലേജ് - പഞ്ചായത്ത് അധികൃതർ സ്ഥലം സന്ദർശിച്ചു.

പിറവം വലിയപള്ളിയിൽ ദനഹാ പെരുന്നാൾ

പിറവം: പിറവം സെന്റ് മേരീസ് ഓർത്തഡോക്സ് വലിയ പള്ളിയിലെ ദനഹാപ്പെരുന്നാളിന് ഇന്ന് രാവിലെ 8.45ന് ഇടവക മെത്രാപ്പോലീത്ത ഡോ.തോമസ് മാർ അത്താനാസിയോസ് കൊടിയേറ്റ് നടത്തുമെന്ന് ഭാരവാഹികൾ വാർത്ത സമ്മേളനത്തിലറിയിച്ചു.വ്യാഴം വരെ 7.15ന് വി.കുർബ്ബാന. വെള്ളി രാവിലെ 7.15ന് വി.കുർബാനക്ക് ഗീവർഗീസ് മാർ പക്കോമിയോസ് മെത്രാപ്പോലിത്ത മുഖ്യകാർമികനാകും. വൈകിട്ട് നാലിന്

പേപ്പതി ചാപ്പലിൽ നിന്നും പ്രദക്ഷിണം ആരംഭിക്കും. പാലത്തിനു സമീപം വച്ച് പിഷാരു കോവിൽ ക്ഷേത്ര ഭാരവാഹികൾ പ്രദക്ഷിണത്തെ സ്വീകരിക്കും. നഗരത്തിൽ പിറവം വലിയ പള്ളി പ്രദക്ഷിണമാകും ആദ്യം പ്രവേശിക്കുക. ശനി രാവിലെ 7.30 ന് ദനഹാ പെരുന്നാൾ ശുശ്രൂഷക്ക് ഡോ.തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്ത മുഖ്യകാർമ്മികനാകും. തുടർന്ന് പ്രദക്ഷിണം, ശ്ലൈഹിക വാഴ്ച നേർച്ച. വാർത്താസമ്മേളനത്തിൽ വികാരി ഫാ.സ്കറിയ വട്ടക്കാട്ടിൽ, ഫാ.വി എ മാത്യൂസ്, ഫാ.ഏലിയാസ് ചെറുകാട്, ബാബു ജേക്കബ്, ജോൺ പി ജേക്കബ്, ജെബി കാരിത്തടം എന്നിവർ പങ്കെടുത്തു.

ICICI Home Finance | കോർപ്പറേറ്റ് ഓഫീസ്: ഐസിഐസിഐ ഹോം ഫിനാൻസ് കമ്പനി ലിമിറ്റഡ്, ഐസിഐസിഐ എച്ച്എഫ്സി ടവർ, അമ്പാലി- കുർള റോഡ്, അമ്പലി (ഇസ്റ്റ്), മുംബൈ- 400059, ഇന്ത്യ

ശാഖ ഓഫീസ്: ഷോപ് നമ്പർ 34/514 , ഒന്നാം നില, ചോളംപാട്ട് ബിൽഡിംഗ്, ഇടപ്പള്ളി ടോൾ ജംക്ഷൻ, കൊച്ചി-682024

പ്രൊവിസോ റൂൾ 8(6) കാണുക

സ്ഥാവരവസ്തുവിന്റെ വിൽപ്പനയ്ക്കുള്ള വിൽപ്പന നോട്ടീസ്

200ലെ സെക്യൂരിറ്റൈസേഷൻ ആൻഡ് റി കൺസ്ട്രക്ഷൻ ഓഫ് ഫിനാൻഷ്യൽ അസറ്റ് ആൻഡ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് ആക്ട്, 2002ലെ സെക്യൂരിറ്റി ഇന്ററസ്റ്റ് എൻഫോഴ്സ്മെന്റ് റൂൾ, പ്രൊവിസോ റൂൾ 8(6) പ്രകാരം സ്ഥാവര വസ്തുക്കളുടെ വിൽപ്പനയ്ക്കുള്ള ഇ- ലേല വിൽപ്പന നോട്ടീസ് വായ്പാ കരാർ പ്രകാരം ഐസിഐസിഐ ഹോം ഫിനാൻസ് ലിമിറ്റഡിന്റെ അംഗീകൃത ഓഫീസർ വായ്പക്കാരൻ/ജാമ്യക്കാരൻ ജാമ്യമായി നൽകിയ താഴെപ്പറയുന്ന വസ്തുക്കൾ പണയപ്പെടുത്തി നേടിയ വായ്പ കുടിശ്ശിക തിരിച്ചടയ്ക്കുന്നതിനായി 'എവിടെയുണ്ടോ ഉള്ളത്' 'എന്തുണ്ടോ ഉള്ളത്' 'എങ്ങനെയുണ്ടോ ഉള്ളത്' അടിസ്ഥാനത്തിൽ ചുവടെ പറയുന്ന തീയതിയിലുള്ളതായി വായ്പക്കാരൻ/ജാമ്യക്കാരൻ എന്നിവരെയും പൊതുജനങ്ങളെയും ഇതിനാൽ അറിയിക്കുന്നു.

Sr. No.	വായ്പക്കാരന്റെ/സഹവായ്പ്പക്കാരന്റെ/ ജാമ്യക്കാരന്റെ പേര്, നിയമപരമായ അവകാശികൾ ലോൺ അക്കൗണ്ട് നമ്പർ	ജാമ്യവസ്തുവിന്റെ വിവരണങ്ങൾ എന്തെങ്കിലും വിധത്തിലുള്ള ഭാരങ്ങളുടെ പൂർണ്ണ വിവരങ്ങൾ	തിരിച്ചടയ്ക്കാനുള്ള തുക	റിസർവ് പ്രൈസ് / ഇഎംഡി	ഇൻസ്പെക്ഷൻ തീയതിയും സമയവും	ലേലത്തിന്റെ തീയതി, സമയം
(A)	(B)	(C)	(D)	(E)	(F)	(G)
1.	ഷമീർ ഖൈസുദ്ദീൻ അഹമ്മദ് (വായ്പക്കാരൻ) ഫസില (സഹ വായ്പക്കാരൻ) Loan Account No. LHCOC00001323372	സർവ്വേ നമ്പർ 339/6-25-2 പറവൂർ വില്ലേജ്, എറണാകുളം ജില്ല, 683513 സർവ്വേ നമ്പർ 339/6-25-2 കൊച്ചിൻ 683108 കൊച്ചിൻ കേരളം -683108	Rs. 26,07,697 /- December 15, 2023	Rs. 18,46,800/- / Rs. 1,84,680/-	January 08, 2024 11:00 AM- 03:00 PM	January 19, 2024 02:00 PM- 03:00 PM

മേല പറഞ്ഞ പ്രകാരം ജാമ്യവസ്തു വിൽപ്പന ചെയ്യുന്നതാണ്.
മേലുത്തരവിൽ പങ്കെടുക്കാൻ താത്പര്യമുള്ളവർക്ക് അവർ നൽകാൻ ഉദ്ദേശിക്കുന്ന വില നിശ്ചയിച്ചും ഇ.എം.ഡി, ആർജിഎസ്സിഎൽസി ഡ്രാഫ്റ്റ് ഡിഡി കോളം ഇ യിൽ പറഞ്ഞിരിക്കുന്ന വിധം എന്നിവ സഹിതം അടുത്ത മണിക്കൂറിൽ ഐസിഐസിഐ ഹോം ഫിനാൻസ് കമ്പനി ലിമിറ്റഡ്, ഷോപ് നമ്പർ 34/514 , ഒന്നാം നില, ചോളംപാട്ട് ബിൽഡിംഗ്, ഇടപ്പള്ളി ടോൾ ജംക്ഷൻ, കൊച്ചി-682024, എന്ന വിലാസത്തിലേക്ക് ജനുവരി 18, 2024 വൈകിട്ട് 4 മണിക്കു മുമ്പായി അയക്കേണ്ടതാണ്. താത്പര്യമുള്ള സിദ്ധിക്കാൻ ഒരിടവേളക്കു ശേഷം ഫോണിലൂടെയും ഇമെയ് ടോസ് ആയോ ബന്ധപ്പെടുന്നതിനുമുമ്പ് ഐസിഐസിഐ ഹോം ഫിനാൻസ് കമ്പനി ലിമി